**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2868** **07-10-2025 - ൽ മറുപടിയ്ക്ക്**

**ഏറനാട് മണ്ഡലത്തിലെ ഭൂരഹിത പുനരധിവാസ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. കെ. ബഷീർ** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഏറനാട് മണ്ഡലത്തിൽ പട്ടികജാതി -പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കുള്ള ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം നാളിതു വരെ എത്ര പേർക്ക് ഭൂമി കണ്ടെത്തി വിതരണം ചെയ്തിട്ടുണ്ട്; വിശദമാക്കാമോ; | (എ) | **ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഏറനാട് മണ്ഡലത്തിൽ ഭൂരഹിത പുനരധിവാസപദ്ധതി പ്രകാരം നാളിതു വരെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 149 പേർക്കും, നിക്ഷിപ്ത വനഭൂമി വിതരണം പദ്ധതി പ്രകാരം ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ഭൂരഹിതരായ 74 പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ഭൂമി വിതരണം ചെയ്തിട്ടുണ്ട്.** |
| (ബി) | ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി വിതരണം ചെയ്യുന്നതിന്റെ ഭാഗമായി ലാന്റ് ബാങ്ക് പദ്ധതിയിലേക്ക് ഏറനാട് മണ്ഡലത്തിൽ സ്ഥലം ഏറ്റെടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (ബി) | **ഇല്ല.** |
| (സി) | പ്രസ്തുത ഭൂമി വിതരണം ചെയ്യുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (സി) | **ബാധകമല്ല.** |

സെക്ഷൻ ഓഫീസർ